വയനാട് ജില്ലയിലെ ക്ഷേത്രങ്ങളുടെ വികസനം

241 (1712) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ ദേവസ്വം ബോർഡിന് കീഴിൽവരുന്ന ക്ഷേത്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ക്ഷേമത്തിനുമായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിനുകീഴിൽവരുന്ന ക്ഷേത്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ക്ഷേമത്തിനുമായി കൈക്കൊണ്ട നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ചുനക്കര മഹാദേവർ ക്ഷേത്രവും വെട്ടിയാർ ക്ഷേത്രവും ശബരിമലയുടെ ഇടത്താവളങ്ങളായി പ്രഖ്യാപിക്കുന്നതിന് നടപടി

242 (1713) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രത്തെ ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ദേവസ്വം ബോർഡിന്റെ അധീനതയിൽ അല്ലാത്ത ഈ ക്ഷേത്രത്തെ ഇടത്താവളമായി പ്രഖ്യാപിക്കുവാൻ നിയമപരമായി എന്തെങ്കിലും ബാദ്ധ്യതയുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ നാളിതുവരെ ഈ ക്ഷേത്രത്തിന് ദേവസ്വം ബോർഡ് മറ്റ് ഇടത്താവളങ്ങളിൽ നൽകുന്നതുപോലെ നൽകിയിട്ടുള്ള സാമ്പത്തികസഹായം ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പടനിലം ക്ഷേത്രത്തെ ഇടത്താവളമായി പ്രഖ്യാപിച്ചതുപോലെ പന്തളം നിയോജകമണ്ഡലത്തിലെ ചുനക്കര മഹാദേവർ ക്ഷേത്രവും, വെട്ടിയാർ ക്ഷേത്രവും ശബരിമലയുടെ ഇടത്താവളങ്ങളായി പ്രഖ്യാപിക്കുന്നതിന് അടിയന്തരനടപടികൾ ഉണ്ടാകുമോ ;

(ഡി) ശബരിമലയുടെ ഇടത്താവളങ്ങളായി പ്രഖ്യാപിക്കുന്ന ക്ഷേത്രങ്ങൾക്ക് ദേവസ്വം ബോർഡും സർക്കാരും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഇ) മേൽപ്പറഞ്ഞ ക്ഷേത്രങ്ങളിൽ ശബരിമല സീസണിൽ അയ്യപ്പ ഭക്തർക്ക് എന്തെല്ലാം സൗകര്യങ്ങൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നൂറനാട് പടനിലം പരബ്രഹ്മ ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതല്ല. ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളെയാണ് ഇടത്താവളങ്ങളായി ബോർഡ് പ്രഖ്യാപിക്കാറുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly